


# ഓണസന്ദേശം

## ഡോക്ടർ നന്ദകുമാർ ചാണയിൽ

ആദ്യമായി എല്ലാവർക്കും ഓണാശംസകൾ !

ഈ വർഷത്തെ ഓണപരമ്പരയിലെ ആദ്യത്തെ ഓണമാണിത്. ഇന്നു് മൂലം നക്ഷത്രമാണു്. തിരുവോണത്തിനു ഇനിയും മൂന്നു ദിവസം കൂടി കാത്തിരിക്കണം. അങ്ങനെ KCANA എല്ലാവരെക്കാളും മൂന്നടി മുന്നിലാണു്. വർണ്ണാഭമായ ഈ പരിപാടിയിലേക്ക് ഒരു ഓണസന്ദേശം നൽകാൻ എന്നെ ക്ഷണിച്ച KCANAയുടെ പ്രസിഡണ്ട് ശ്രീ. ജോർജ് മാരാശ്ശേരിക്കും KCANAയുടെ എല്ലാമെല്ലാമായ ശ്രീ. വർഗ്ഗീസ് ചുങ്കത്തിലിനോടും മറ്റു ഭാരവാഹികളോടുമുള്ള എൻെറ അകൈതവമായ നന്ദി പ്രകാശിപ്പിക്കട്ടെ.

ഇനി ഓണാശംസയിലേക്ക് കടക്കുന്നതിനുമുമ്പ് ഒരു ദുഃഖ സത്യം ഓർമ്മയിൽ വരുന്നു. ഇന്നത്തെ ദിനം സെപ്റ്റെമ്പർ 11,ചരിത്രത്തിൻെറ താളുകളിൽ ഇടം പിടിച്ച ഒരു ദിവസം. ഓർക്കാൻ വളരെ ദുഃഖപൂർണ്ണമായ ഒരു ദിവസം. പൈശാചികതയുടെ, അസഹിഷ്ണുതയുടെ,അക്രമ–ആക്രമണാസക്തിയുടെ ഒരു ദിനം. പതിനഞ്ച് വർഷം മുമ്പ് നടന്ന ആ ദുരന്തയഥാർത്ഥ്യത്തിലെ നിരപരാധികളായ ഏകദേശം മുവ്വായിരം ശുദ്ധാത്മാക്കൾക്ക് ഈ അവസരത്തിൽ ശാന്തിനേരാം.

ഇനി ഓണം. ഓണം ഒത്തൊരുമയുടെ, സാഹോദ്യര്യത്തിൻെറ, സംത്രുപ്തിയുടെ ഒക്കെ ഒരു സുദിനമായാണു ലോകമെമ്പാടുമുള്ള മലയാളികൾ ആഘോഷിക്കുന്നത്. ഒരർത്ഥത്തിൽ, ഓണം ഭാവനാ സമ്പൂർണ്ണമായ, മാനുഷരെല്ലാം ഒന്നുപോലെ എന്ന സമഭാവനയുടെ ഒരു സുദിനമാണു. ഇന്നത്തെ

പുതുയുഗത്തിൽ ഈ "യൂട്ടോപ്പിയൻ" സങ്കൽപ്പത്തിനു പ്രസക്തിയുണ്ടോ? കാരണം, കേവലം വിരലിലെണ്ണാൻ സാധിക്കുന്നവരുടെ മാത്രം ഒരു സങ്കൽപ്പമായി ഈ ദാർശനികചിന്ത ഒതുങ്ങിയിരിക്കുന്നു.

വാസ്തവത്തിൽ എല്ലാവർക്കും ഒരേപോലുള്ള സന്തുഷ്ടിയോടേയും, ഐശ്വര്യത്തോടേയും ജീവിക്കാൻ പറ്റുമോ? ഓരൊരുത്തരുടേയും വ്യക്തിവൈശിഷ്ട്യവും ജനിതകശേഷിയും വിഭിന്നമാകകൊണ്ട് ഇരട്ടപെറ്റ കുട്ടികൾപോലും സമാനതകളുണ്ടെങ്കിലും പല കാര്യങ്ങളിലും വ്യത്യസ്തത പുലർത്തുന്നു. ആകയാൽ, എല്ലാവർക്കും അവരവരുടെ കഴിവിനനുസരിച്ചേ ജീവിത സന്ധാരണം നടത്താൻ കഴിയൂ. എലാവർക്കും തുല്യ അവസരം നൽകാനല്ലേ ഭരണകൂടങ്ങൾക്കും കഴിയൂ. എല്ലാവരേയും ഒന്നുപോലെയാക്കാൻ ഉടയോനുപോലും സാധിതമല്ലല്ലോ?

തിരുവോണം സെപ്റ്റെമ്പർ 14നു ആണല്ലോ? നാട്ടിൽ ഓണം അത്തം തൊട്ട് പത്തു ദിവസങ്ങൾക്കുള്ളിൽ പര്യവസാനിക്കുമെങ്കിൽ ഇവിടെ,പ്രത്യേകിച്ച് ന്യൂയോർക്ക്പോലുള്ള വൻ നഗരികളിൽ മലയാളി സംഘടനകളുടെ ബാഹുല്യം കൊണ്ട് മാസങ്ങളോളം ഓണാഘോഷങ്ങൾ നീണ്ടു നിൽക്കുന്നു. അങ്ങനെ നോക്കുമ്പോൾ, നമ്മൾ, മലയാളി കുടിയേറ്റക്കരാണു് ഓണം ശരിക്കും വിപുലമായി ആഘോഷിക്കുന്നത്. അതിനുള്ള മുഖ്യകാരണവും, സംഘടനകളുടെ ധാരാളിത്തം തന്നെ. നാട്ടിൽനിന്നും എല്ലാം തന്നെ മലയാളി ഇറക്കുമതി ചെയ്യുന്നതോടൊപ്പം രാഷ്ട്രീയതയും വർഗീയതയും മതചിന്തകളും ഇറക്കുമതി ചെയ്യുന്നു. എന്നിട്ടോ, നാട്ടിലുള്ളതിലധികം അവാന്തരവിഭാഗങ്ങൾ എല്ലാ മതത്തിലും ഇവിടെ പെറ്റുപെരുകുന്നു. പണ്ടൊക്കെ, സ്പർദ്ധയുണ്ടാകുമ്പോൾ പറയുമായിരുന്നു "കാര്യം പള്ളിയിൽപോയി പറഞ്ഞാൽ മതി" എന്നു്. എന്നാൽ ഇന്നു് പള്ളിയിലേയും ഇതര ദേവലയങ്ങളിലേയും പാകപ്പിഴകൾക്കുള്ള ഒത്തുതീർപ്പിന്നും നീതിക്കുമായി മറ്റു വല്ലയിടവും തേടിപ്പോകേണ്ട ഗതികേടായി മാറിയിരിക്കുന്നു.

ഒരു നീണ്ട പ്രഭാഷണം ചെയ്ത് നിങ്ങളെ മുഷിപ്പിക്കാനുദ്ദേശിക്കുന്നില്ല. പ്രത്യേകിച്ചും, സ്വാദിഷ്ടമായ ഓണസ്സദ്യയും കലാപരിപാടികളും നിങ്ങളെ കാത്തിരിക്കകൊണ്ട്. നിങ്ങൾക്കേവർക്കും സന്തോഷത്തിൻേറയും സംത്രുപ്തിയുടേയും നാളുകൾ നേരട്ടെ. നമുക്കേവർക്കും അന്യോന്യം സഹായ സഹകരണത്തോടെ ജീവിക്കാൻ പറ്റുമാറാകട്ടെ. നമ്മുടെ സഹജീവികൾക്ക് കഴിയുന്ന ഉപകാരം ചെയ്യാൻ പറ്റിയാൽ നല്ലത് തന്നെ. അതിനു പറ്റിയില്ലെങ്കിൽ ആരേയും, മനസാ വാചാ കർമ്മണാ നോവിക്കാതിരിക്കാൻ പറ്റുമാറാകട്ടെ. ഇതാണു് എനിക്ക് നൽകാനുള്ള ഓണസന്ദേശം.

ഓണത്തിൻെറ നന്മയും സംത്രുപ്തിയും, കേവലം ഒരു ദിവസത്തെ മാത്രം ഹ്രുസ്വമായ ഒരു അനുഭൂതിയിലേക്ക് ഒതുക്കാതെ, ഓണം നൽകുന്ന സ്നേഹ സൗഹ്രുദഭാവങ്ങൾ ഒരു ഭദ്രദീപം പോലെ, കെടാതെ, ജീവിതത്തിലുടനീളം നിലനിർത്തി ജീവിതത്തിനു ഒരു അർത്ഥം കണ്ടെത്താൻ ജഗദീശ്വരൻ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ, നിർത്തട്ടെ,നന്ദി, നമസ്കാരം.

(KCANAയുടെ 2016 ഓണാഘോഷ വേളയിൽ നൽകിയ ഓണസന്ദേശം)

***********************************************